(ബി) കണ്ണൂർ ജില്ലയിലെ ഓരോ വികസന ബ്ലോക്കിലും ഓരോ ഇനത്തിലും, എത്ര കുടുംബങ്ങൾക്ക് വീതം ഈയിനത്തിൽ ധനസഹായം ലഭ്യമാക്കിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2004-05 വർഷത്തിൽ പുതിയ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് അനുബന്ധം †ആയും, വാസയോഗ്യ മല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് അനുബന്ധം †ആയും ചേർത്തിരിക്കുന്നു.

(ബി) ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

കണ്ണൂർ ജില്ലയിലെ കേന്ദ്ര ഗ്രാമീണ ശുചീകരണ പദ്ധതി

[108] (2611) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരാവിഷ്കരിച്ച കേന്ദ്ര ഗ്രാമീണ ശുചീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ എത്ര ബി. പി. എൽ. കുടുംബങ്ങൾക്കും സ്കൂളുകൾക്കും, അംഗൻവാടികൾക്കും സാനിട്ടറി കക്കൂസ് നിർമ്മിച്ച് നല്കിയെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഓരോ വികസന ബ്ലോക്കുകളിലെയും കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സാനിട്ടറി കക്കൂസ് നിർമ്മിക്കുവാൻ ബി.പി.എൽ. കുടുംബങ്ങൾക്ക് എത്ര തുകയാണ് നല്കുന്നതെന്നും സ്കൂളുകൾക്കും, അംഗൻവാടികൾക്കും എത്ര തുക വീതമാണ് പരമാവധി അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഇനത്തിലും 2005-06 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ ഓരോ വികസന ബ്ലോക്കിലും എത്ര സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ആയി ഒന്നിൽ ചേർത്തിരിക്കുന്നു.†

(ബി) വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(സി) സാനിട്ടറി കക്കൂസ് ബേസ് യൂണിറ്റ് നിർമ്മാണ ചെലവ് റ്റി. എസ്. സി. പ്രകാരം 1000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ സഹായധനം 600 രൂപയാണ്. എന്നാൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2000 രൂപ വരെ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡിയായി ഒരു കക്കൂസിന് റ്റി.എസ്.സി.-യും ത്രിതല പഞ്ചായത്തുകളും ചേർന്ന് നല്കുന്നു. സ്കൂൾ കക്കൂസിന് ഒരു യൂണിറ്റിന് 20,000 രൂപയും അംഗൻവാടി കക്കൂസിന് 5000 രൂപയുമാണ് നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്ക് യഥാക്രമം 18000 രൂപയും, 4500 രൂപയുമാണ് സബ്സിഡിയായി നല്കുന്നത്.

(ഡി) വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

വടക്കാഞ്ചേരി-ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലെ എസ്. ജി. ആർ. വൈ. പദ്ധതി

109 [2612] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ൽ എസ്. ജി. ആർ. വൈ. പദ്ധതിയിൽ വടക്കാഞ്ചേരി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് എത്ര അരി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലിന് ഭക്ഷണം പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം നിർമ്മാണ പ്രവർത്തികളാണ് ഈ ബ്ലോക്ക് പഞ്ചായത്തുകളിൽ നിർവ്വഹിച്ചിട്ടുള്ളതെന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004-05-ൽ എസ്. ജി. ആർ. വൈ. പദ്ധതിയിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 143.630 ടൺ ഭക്ഷ്യധാന്യവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് 343.291 ടൺ ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്.

(ബി) 2004-05 വർഷത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് എസ്. ജി. ആർ. വൈ. (പ്രത്യേക ഘടക പദ്ധതി പ്രകാരം) അനുമതി നല്കിയ നിർമ്മാണ പ്രവർത്തികളുടെ വിശദവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.† ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2004-05 വർഷത്തിൽ 126.525 ടൺ ഭക്ഷ്യധാന്യവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 510.536 ടൺ ഭക്ഷ്യധാന്യവും എഫ്. സി. ഐ-ൽ നിന്നും എടുത്തിട്ടുണ്ട്.

തോട്ടക്കാട്-എരഞ്ഞിക്കോട് റോഡ്

110 [2613] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ തോട്ടക്കാട്-എരഞ്ഞിക്കോട് യൂണിറ്റി കോളേജ് റോഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly